ഉത്തരം

(എ)-(സി) ബ്ലോക്ക് തലത്തിലും പഞ്ചായത്തു തലത്തിലും ഇന്റർനെറ്റിലൂടെ ബന്ധിപ്പിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. വില്ലേജ് ഓഫീസുകൾ താലൂക്ക് ഓഫീസുകൾ, കളക്ടറേറ്റുകൾ എന്നിവ ബന്ധിപ്പിക്കുവാനുള്ള പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

"വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ"

115 (1402) ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമിന്റെ ഭാഗമായി നിർദ്ദേശിച്ച പ്രവർത്തികൾ ആരംഭിക്കുന്നതിലും പൂർത്തിയാക്കുന്നതിലും കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1999 ഡിസംബർ 31 വരെ ഓരോ അസംബ്ലി മണ്ഡലത്തിലും വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമിന്റെ ഭാഗമായി എന്ത് തുകയുടെ പ്രവർത്തികൾ നൽകി;

(ഡി) ഇനിയും തുടങ്ങാത്തതും പൂർത്തീകരിക്കാത്തതുമായ എത്ര പ്രവർത്തികൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി അനുവദിക്കുന്ന പണികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കാലതാമസം വരുത്താതെ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിലേയ്ക്കായി നിർദ്ദേശം നൽകിയിട്ടുള്ളതിനു പുറമെ, 21.12.1999-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ: 515/99 ആർ.ഡി.പ്രകാരം ജില്ലാകളക്ടർ അദ്ധ്യക്ഷനായി ജില്ലാതല മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലയിലെ എല്ലാ എം.എൽ.എ.മാരും ഈ സെല്ലിലെ അംഗങ്ങളാണ്. കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം കൂടി പണികളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യേണ്ടതും പണികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.

(സി) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി പണികൾ അനുവദിക്കുന്നതും തുകകൾ അനുവദിച്ചു നൽകുന്നതും ജില്ലാടിസ്ഥാനത്തിലാണ്. നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ലയുടെ പേര്	അനുവദിച്ച തുക (രൂപ ലക്ഷത്തിൽ)

LIBRARY ARCHIVES Kerala Legislative Assembly

1. തിരുവനന്തപുരം	1343.83
2. കൊല്ലം	1349.85
3. ആലപ്പുഴ	1063.53
4. പത്തനംതിട്ട	705.15
5. കോട്ടയം	807.46
6. ഇടുക്കി	560.80
7. എറണാകുളം	1173.58
8. തൃശ്ശൂർ	1152.35
9. പാലക്കാട്	1796.52
10. മലപ്പുറം	929.90
11. കോഴിക്കോട്	1139.00
12. വയനാട്	268.15
13. കണ്ണൂർ	781.65
14. കാസർഗോഡ്	510.63

(ഡി)

ജില്ലയുടെ പേര്	തുടങ്ങാത്ത പണികളുടെ എണ്ണം	പൂർത്തീകരിക്കാത്ത പണികളുടെ എണ്ണം
1. തിരുവനന്തപുരം	6	267
2. കൊല്ലം	157	199
3. ആലപ്പുഴ	160	142
4. പത്തനംതിട്ട	102	139
5. ഇടുക്കി	68	110
6. കോട്ടയം	36	24
7. എറണാകുളം	56	189
8. തൃശ്ശൂർ	138	157
9. പാലക്കാട്	169	253
10. മലപ്പുറം	184	146
11. കോഴിക്കോട്	240	166
12. വയനാട്	21	63
13. കണ്ണൂർ	139	63
14. കാസർഗോഡ്	74	86

സംസ്ഥാനത്തെ നദികളിൽ നിന്ന് മണൽ വാരൽ

116 (1403) ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. വി.ജെ. പൗലോസ് :

LIBRARY ARCHIVES Kerala Legislative Assembly